Talented Bankers Literary Panel
പുസ്തക പരിചയം 198

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

ബാഗ്ദാദ് ക്ലോക്ക്,
ഷഹാദ് അൽ റാഫി.

''ഷഹാദ് അൽ റാഫി "എന്ന ഇറാഖി എഴുത്തുകാരിയുടെ "ബാഗ്ദാദ് ക്ലോക്ക് "എന്ന നോവലിന് ശ്രീമതി സ്മിതാ മീനാക്ഷി മലയാള പരിഭാഷ തയ്യാറാക്കി മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകം വായനക്കാരെ ആകർഷിക്കുന്നതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് പുസ്തകത്തിൻറെ കവർ ഡിസൈൻ അണ്. ഒറ്റക്കാഴ്ചയിൽ ഒരു പൗഡർ ടിന്നിനെ ഓർമിപ്പിക്കുന്ന വശ്യതയുള്ള പുറംചട്ട.

ഇനി ഉൾവശത്തേക്ക് കടക്കാം

പ്രധാനമായും നോവലിനെ നാല് ഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു

1.പ്രത്യക്ഷ സംഗതികളുടെ കുട്ടിക്കാലം
2. അജ്ഞാതനിൽ നിന്നുള്ള കത്തുകൾ
3. എനിക്ക്ഭയമാണോ?
4. ഭാവി

വായനയുടെ രസച്ചരട് ഒട്ടും പൊട്ടിപ്പോകാതെയാണ് ഓരോ അധ്യായങ്ങളും കോർത്തിണക്കിയിരിക്കുന്നതെങ്കിലും , പ്രധാനമായി വിവരിക്കുന്ന സംഗതികളെ അടിസ്ഥാനമാക്കിയാണ് ഓരോ ഭാഗങ്ങൾക്കും പേരു നൽകിയിരിക്കുന്നത്

ശത്രു സൈന്യത്തിന്റെ ബോംബാക്രമണത്തിൽ നിന്നും രക്ഷനേടാൻ ആൾക്കാർ ഒത്തുകൂടിയ ഒരു ബങ്കറിൽ വച്ച് പരസ്പരം സൗഹൃദം കൂടി, മനസ്സും സ്വപ്നങ്ങളും കൈമാറിയ 2 കൊച്ചുപെൺകുട്ടികളിലൂടെയാണ് കഥ ആരംഭിക്കുന്നത്. കഥാപാത്രത്തിൻ്റെ മനോവ്യാപാരം വളച്ചുകെട്ടില്ലാതെ പറയാൻ കഴിയുന്ന, ഫസ്റ്റ് പേഴ്സൺ കഥാപാത്രമാകുന്ന രീതിയിലാണ് രചന .അതിനാൽ ഈ രണ്ടു പെൺകുട്ടികളിൽ ഒരാൾ ഞാനെന്ന കഥാകാരിയും രണ്ടാമത്തെയാൾ അവളുടെ സമപ്രായക്കാരി നാദിയ എന്ന പെൺകുട്ടിയുമാണ്. അവരുടെ സംഭാഷണങ്ങലും ചെറു സംഭവങ്ങളിലും കൂടി ഓരോ കഥാപാത്രത്തെയും നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു.

ഇരുപതിലേറെ ദിവസത്തെ ബങ്കർ വാസം കഴിഞ്ഞ് അവർ സ്വന്തം വീടുകളിലേക്ക് പോകുമ്പോൾ കഥയ്ക്ക് വ്യത്യസ്തമായ മറ്റൊരു പശ്ചാത്തലം ഒരുങ്ങുന്നു. ബാഗ്ദാദ് ബ്ലോക്കിന് ചുറ്റും താമസിക്കുന്ന മധ്യവർഗ ജനതയുടെ ഒരു ഹൗസിംഗ് കോളനി .പിന്നീട് ആ നാട്ടിലെ ഓരോ മനുഷ്യരും പക്ഷികളും മൃഗങ്ങളും ഈ കഥയുടെ ഭാഗമാകുന്നു. അവരോടൊപ്പം ചരിത്രത്തിലെ ബാഗ്ദാദിൻ്റെ 1991 മുതലുള്ള അടുത്ത ഇരുപത് വർഷങ്ങളും.

സാമ്പത്തിക ഉപരോധത്തിൽ തകർന്നു കൊണ്ടിരിക്കുന്ന ഒരു നാട് .കുട്ടികൾക്ക് പുതിയ പാഠപുസ്തകങ്ങൾ കൂടി കിട്ടാത്ത അവസ്ഥ . എപ്പോൾ വേണമെങ്കിലും ഒരു യുദ്ധം വരുമെന്നും. അതിനാൽ ഈ നാടുപേക്ഷിച്ച് എത്രയും പെട്ടെന്ന് അവിടെ നിന്നും പാലായനം ചെയ്യണം എന്നു മുള്ള തിരിച്ചറിവിനാൽ നീറുന്ന ഒരു ജനത. മറ്റു വഴികളില്ലാതെ ഓരോരുത്തരായി പാലായനം ചെയ്യുമ്പോൾ നിർവികാരതയോടെ നോക്കിനിൽക്കുന്ന മറ്റുള്ളവർ.ഉപേക്ഷിച്ചുപോയ ആളൊഴിഞ്ഞ വീടുകളുടെ സംരക്ഷണം ഏറ്റെടുത്ത് ഒരു മനോരോഗിയെ പോലെ ജീവിക്കുന്ന ഷൗക്കത്ത് അങ്കിൾ . അവസാനം യുദ്ധം മൂർച്ഛിച്ച നാളുകളിലൊന്നിൽ ദേശത്തോട് വിട ചൊല്ലുന്ന അവസാനത്തെ കുടുംബാഗമായി കഥാകാരി. പിന്നെ ആ നാട്ടിൽ പഴയതായി അവശേഷിച്ചത് ബിര്യാദ് എന്ന നായ മാത്രം.

ഒഴുകുന്ന പുഴയുടെ സൗന്ദര്യം ആസ്വദിക്കുന്നവർ ചിലപ്പോൾ അതിന്റെ അടിത്തട്ടിലെ മണൽ ശ്രദ്ധിച്ചു എന്നുവരില്ല. അതുപോലെ തന്നെ ചരിത്രപശ്ചാത്തലം എന്ന മണൽ തട്ടിനെക്കാളേറെ ഈ കഥയെ ആകർഷകമാക്കുന്നത് ഇതിൽ അവതരിപ്പിച്ചിരിക്കുന്ന കുറച്ചു കുട്ടികളുടെ ജീവിതവും സ്വപ്നങ്ങളുമാണ്. കഥാകാരിക്ക് കൂട്ടുകാരി നാദിയയുടെ സ്വപ്നങ്ങളിൽ കടന്നു ചെന്ന് അവ വായിച്ചെടുക്കാൻ ഉള്ള കഴിവുണ്ട്. ഈ കുട്ടികളുടെ കുട്ടിക്കാലം തൊട്ട് ഏതാണ്ട് 21 വയസ്സ് വരെയുള്ള അവരുടെ ചിന്തകളും പ്രവർത്തികളും സ്വപ്നങ്ങളും യാഥാർഥ്യങ്ങളും ഭാവനകളും സ്കൂൾ കോളേജ് വിദ്യാഭ്യാസവും കൗമാര പ്രണയവും എല്ലാം മനോഹരമായി കാലത്തോടൊപ്പം വിവരിച്ച് കഥ മുന്നേറുന്നു. ഈ നോവൽ വായിച്ചു പോകുമ്പോൾ അതിലെ തത്വചിന്തകളും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും കാണുമ്പോൾ കേവലം 35 വയസ്സിനു താഴെ മാത്രം പ്രായമുള്ള ഒരു എഴുത്തുകാരി തന്നെയാണോ ഇത് എഴുതിയത് എന്ന് സംശയിച്ചു പോകും. മാധവിക്കുട്ടിയുടെ പുസ്തകങ്ങളിൽ കാണുന്നതുപോലെ അനുരാഗം എന്ന വികാരത്തെ, അതിൻ്റെ അറിയാതെയുള്ള ജനനം കൗമാര പ്രായക്കാരിൽ ഉണ്ടാകുന്ന ഭാവമാറ്റം മനോഹരമായി വിവരിച്ചിരിക്കുന്നു. ചില സന്ദർഭങ്ങളിൽ പ്രണയം എന്ന വികാരം കേവലമൊരു ചാപല്യത്തിൽ നിന്നും മാറി അതിൻറെ ദാർശനിക തലങ്ങളിലേക്ക് ഉയരുന്നതും കാണാം . ഉദാഹരണത്തിന് "പ്രണയമെപ്പോഴും

യാഥാർത്ഥത്തിൽ നിന്നകന്ന് സ്വന്തമായ ലോകം സൃഷ്ടിക്കുന്നു .ജനനവും മരണവും പ്രണയവും യാഥാർത്ഥത്യത്തെ വകവയ്ക്കുന്നില്ല "

"കാലവും പ്രണയവും തമ്മിൽ സങ്കീർണമായ ഒരു സമവാക്യം ഉണ്ട്. നാം പ്രണയിക്കുമ്പോൾ സമയം ഒരു തീവണ്ടി പോലെ പായും. പക്ഷേ പ്രണയിതാവിനായി കാത്തിരിക്കുമ്പോൾ ഒരു ദീർഘ നിദ്രയ്ക്ക് കിടക്കയിലേക്ക് പോകുന്നതുപോലെ സാവധാനം ഇടയും "

എന്ന വരികൾ ശ്രദ്ധിക്കുക.

കഥയിൽ എടുത്തുപറയേണ്ട മറ്റൊരു പ്രത്യേകത ഇതിലെ കഥാപാത്രങ്ങളാണ്. സിനിമയിലെന്നപോലെ ഓരോരോ കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും, അവർക്കെല്ലാം കഥയിൽ വ്യക്തമായ സ്വാധീനം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു. സ്വപ്നങ്ങളിലൂടെയും, യാഥാർത്ഥ്യങ്ങളിലൂടെയും, ചിന്തകളിലൂടെയും, നൈമിഷിക വികാരങ്ങളുടെയും ,അതിലേറെ വിചിത്രമായ ഭാവനകളിലൂടെയുമെല്ലാം ഈ കഥ കടന്നുപോകുന്നുണ്ട്.

കഥയുടെ അവസാന ഭാഗം വരുമ്പോൾ കഥാകാരി താൻ ഇഷ്ടപ്പെടുന്ന ഗബ്രിയൽ ഗാർസിയ മാർക്യൂസിൻ്റെ ''ഏകാന്തതയുടെ നൂറ് വർഷങ്ങൾ " എന്ന പുസ്തകത്തെപ്പറ്റി പലതവണ പരാമർശിക്കുന്നുണ്ട്. അതോടൊപ്പം തന്നെ നാദിയയ്ക്ക് ഈ നോവൽ വായിക്കാൻ കൊടുത്തപ്പോൾ അവളത് ' അസ്വസ്ഥമാക്കുന്ന തും നിരാശപ്പെടുത്തുന്നതും ആണ് " എന്ന് പറഞ്ഞ് അല്പം മാത്രം വായിച്ചു നോക്കി തിരിച്ചു കൊടുക്കുന്നതായും പറയുന്നു.

ഒന്നിച്ചുള്ള അവസാന നാളുകളിൽ ഈ കുട്ടികൾ ചേർന്ന് ആ ദേശത്തിൻ്റെ, അതിലെ ഓരോരുത്തരുടെയും ചരിത്രം ഒരു നോട്ട് ബുക്കിൽ എഴുതി വയ്ക്കുന്നുണ്ട് .അതിന് അവർ ഒരു പേരും നൽകി "ബാഗ്ദാദ് ക്ലോക്ക് -ഒരു പ്രദേശത്തിൻറെ ചരിത്രരേഖ''

കഥയ്ക്ക് ഒരു ശുഭപര്യവസാനം വേണം എന്നതിനാലാകാം നോവലിൻറെ നാലാം ഭാഗമായ ഭാവി എന്ന അധ്യായത്തിൽ ഓരോ കഥാപാത്രത്തിൻ്റേയും ഭാവി ജീവിതം ചുരുക്കി എഴുതി അവസാനിപ്പിച്ചിരിക്കുന്നു.

Winner of the Edinburgh first book award, Shortlisted for the international prise for Arabic Fiction എന്നീ ബഹുമതികൾ ഈ നോവലിനുണ്ട്

Publisher-Mathrubhumi books
Price -330
Page -247